"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

പൊതുവിദ്യാഭ്യാസം - എയ്ഡഡ് സ്കൂൾ ജീവനക്കാര്യം - ചിറയിൻകീഴ് എസ്.എസ്.വി.എച്ച്.എസ്.എസ്. ലെ എച്ച്.എസ്.റ്റി. (ഇംഗ്ലീഷ്) ശ്രീമതി സംഗീത മോഹന ചന്ദ്രൻ സമർപ്പിച്ച റിവിഷൻ ഹർജി തീർപ്പാക്കി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**പൊതുവിദ്യാഭ്യാസ (എ) വകുപ്പ്**

സ.ഉ.(സാധാ) നം.3355/2026/GEDN തീയതി,തിരുവനന്തപുരം, 16-05-2026

---

പരാമർശം:-

1. ശ്രീമതി സംഗീത മോഹന ചന്ദ്രൻ സമർപ്പിച്ച 26.05.2025 ലെ റിവിഷൻ ഹർജി.
2. ആറ്റിങ്ങൽ ജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ 07/08/2025-ലെ DEOATL/1176/2023-B6 നമ്പർ കത്ത്.
3. തിരുവനന്തപുരം വിദ്യാഭ്യാസ ഉപഡയറക്ടറുടെ 12/08/2025-ലെ DDETVM/3317/2025-B4 നമ്പർ കത്ത്.
4. പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ 13/08/2025-ലെ ഡിജിഇ/14447/2025-ആർ.എ1 നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

ചിറയിൻകീഴ് എസ്.എസ്.വി.എച്ച്.എസ്.എസ്. ലെ എച്ച്.എസ്.റ്റി. (ഇംഗ്ലീഷ്) ശ്രീമതി സംഗീത മോഹന ചന്ദ്രൻ സമർപ്പിച്ച റിവിഷൻ ഹർജിയിന്മേൽ 13/08/2025 തീയതിയിൽ വാദം കേട്ടു.

2.ഹർജിക്കാരിയുടെ പ്രതിനിധി വാദം താഴെപ്പറയും പ്രകാരം കാര്യങ്ങൾ ബോധിപ്പിച്ചു.

"ശ്രീമതി സംഗീത മോഹന ചന്ദ്രൻ 01-08-2015 മുതൽ തുടർച്ചയായി 2015-16 വർഷത്തെ അധിക തസ്തികയിൽ എച്ച്.എസ്.റ്റി. (ഇംഗ്ലീഷ്) ആയി നിയമനം നടത്തി അംഗീകാരത്തോടെ തുടർന്നുവന്നു. ഇപ്രകാരം തുടരവെ 15-07-2019 ൽ അക്കോമഡേഷൻ കുറവ് കാരണം ഹൈസ്കൂൾ വിഭാഗത്തിൽ ഒരു ഡിവിഷൻ കുറഞ്ഞ് ശ്രീമതി സംഗീത മോഹന ചന്ദ്രന്റെ തസ്തിക നഷ്ടപ്പെട്ടു. തുടർന്ന് 01-06-2022 മുതൽ ശ്രീമതി ചിത്ര എ.പി. യുടെ ബൈട്രാൻസ്ഫർ സ്ഥാനകയറ്റ ഒഴിവിൽ ശ്രീമതി സംഗീത മോഹന ചന്ദ്രന് പുനർനിയമനം നടത്തി പുനർനിയമനം അംഗീകരിച്ചു തുടർന്നു വരുന്നു. അതിനാൽ പരാതിക്കാരിക്ക് 15-07-2019 മുതൽ 31-05-2022 വരെയുള്ള കാലഘട്ടം ചുവടെ ചേർക്കുന്ന രീതിയിൽ 2019-20 വർഷം ഫിറ്റ്നസ് ലഭിച്ചതും 2018-19 വർഷത്തെ തസ്തിക നിർണ്ണയ ഉത്തരവിന് കണക്കാക്കിയ കെട്ടിടങ്ങൾ കൂടി കണക്കിലെടുത്തു 14 ഡിവിഷനുകൾ അനുവദിക്കുന്നതിനെ നടപടി സ്വീകരിക്കുവാൻ 19-02-2021 ലെ സ.ഉ.(സാധാ)നം.1761/2021/പൊവിവ ഉത്തരവിൽ നല്കിയ നിർദ്ദേശം കെട്ടിടങ്ങളുടെ

ഡയമൻഷനിൽ വന്ന വ്യത്യാസം കാരണം നിരസിക്കപ്പെട്ടു. അതിനാൽ സ.ഉ.(സാധാ)നം.1761/2021/പൊവിവ തീയതി 19/02/2021 ഉത്തരവിൽ തസ്തിക നിർണ്ണയത്തിനു കണക്കാക്കുവാൻ നിർദ്ദേശിച്ച കെട്ടിടങ്ങളുടെ ഡയമൻഷനിലെ വ്യത്യാസം തിരുത്തിയാൽ 2019-20 വർഷം ഹൈസ്കൂൾ വിഭാഗത്തിൽ 14 ഡിവിഷനുകളും മുൻ വർഷത്തെപോലെ എച്ച്.എസ്.റ്റി. (ഇംഗ്ലീഷ്) ന് 3 തസ്തികകളും അനുവദിച്ച് ശ്രീമതി സംഗീത മോഹന ചന്ദ്രന്റെ സർവ്വീസ് ബ്രേക്ക് ഒഴിവാകുന്നതാണ്.

2019-20 വർഷം സ്റ്റാൻഡേർഡ് VIII ൽ 141 കുട്ടികളും, IX ൽ 148 കുട്ടികളും, സ്റ്റാൻഡേർഡ് X ൽ 186 കുട്ടികളും ഉണ്ടായിരുന്നതിനാൽ VIII ൽ 5 ഉം, IX ൽ 4 ഉം, X ൽ 5 ഉം ഡിവിഷനകൾ ഉൾപ്പെടെ ചിറയിൻകീഴ് എസ്.എസ്.വി.എച്ച്.എസ്.എസ്.ന്റെ ഹൈസ്കൂൾ വിഭാഗത്തിൽ 14 ഡിവിഷനുകളും എച്ച്.എസ്.റ്റി. ഇംഗ്ലീഷിന് 3 തസ്തികയും അനുവദിക്കാമായിരുന്നു. എന്നാൽ മുൻ വർഷങ്ങളിൽ തസ്തിക നിർണ്ണയത്തിന് കണക്കാക്കിയിരുന്ന കെട്ടിടങ്ങളുടെ അക്കോമഡേഷനും എല്ലാം കണക്കാക്കാതെ ആറ്റിങ്ങൽ ജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ ദീ.തീ.ബി6/44281/2019 തീയതി 19/07/2019 നമ്പർ ഉത്തരവിൽ അകെ 27 ക്ലാസ്സ് മുറികൾ മാത്രം കണക്കാക്കി 4 എക്സ്ട്രാ ക്ലാസ് മുറികൾ മാറ്റിയതിനുശേഷം 23 ഡിവിഷനുകൾ മാത്രമേ അനുവദിച്ചിട്ടുള്ളൂ. 2018-19 വർഷം പ്രീ കെ.ഇ.ആർ കെട്ടിടങ്ങളിൽ 11 ക്ലാസ് മുറികളും പോസ്റ്റ് കെ.ഇ.ആർ കെട്ടിടങ്ങളിൽ 25 ക്ലാസ് മുറികളും ഉൾപ്പടെ 36 ക്ലാസ് മുറികളുടെ അക്കോമഡേഷൻ കണക്കാക്കിയിരുന്നു. അതിനാൽ ശ്രീമതി സംഗീത മോഹന ചന്ദ്രൻ സർക്കാരിൽ റിവിഷൻ ഹർജി ഫയൽ ചെയ്തു. റിവിഷൻ ഹർജി പരിശോധിച്ച് ഹിയറിംഗ് സമയത്ത് നിലവിലുള്ള അദ്ധ്യാപകരുടെ പുറത്താക്കൽ ഒഴിവാക്കുന്നതിനുവേണ്ടി മുൻ വർഷം തസ്തിക നിർണ്ണയത്തിനു കണക്കാക്കിയതും 2019-20 ൽ ഫിറ്റ്നസ് ലഭിച്ചതുമായ 5.90x6.40x3.50, 12.00x5.30x2.40, 10-90×5.70x2.70 എന്നീ കെട്ടിടങ്ങൾ കൂടി തസ്തിക നിർണ്ണയത്തിന് 2019-20 വർഷം കണക്കാക്കാവുന്നതാണെന്ന് ഹിയറിംഗ് സമയത്ത് മാനേജർ എഴുതി നല്കി. ഇതനിസരിച്ച് സ.ഉ.(സാധാ)നം.1761/2021/പൊവിവ തീയതി 19/02/2021 സർക്കാർ ഉത്തരവിൽ മുകളിൽ വിവരിച്ച അളവുകളിലെ 3 കെട്ടിടങ്ങളും 2018-19 വർഷം തസ്തിക നിർണ്ണയത്തിനു കണക്കാക്കിയിട്ടുണ്ടെങ്കിൽ 2019-20 വർഷം തസ്തിക നിർണ്ണയത്തിന് കണക്കാക്കി ശ്രീമതി സംഗീത മോഹനചന്ദ്രന്റെ നിയമനം നിയമാനുസൃതം പരിശോധിച്ച് തീർപ്പാക്കുവാൻ ആറ്റിങ്ങൽ ജില്ല വിദ്യാഭ്യാസ ഓഫീസർക്ക് സർക്കാർ നിർദ്ദേശം നല്കി. ആറ്റിങ്ങൽ ജില്ല വിദ്യാഭ്യാസ ഓഫീസർ ഈ വിഷയം പരിശോധിച്ച് മുകളിൽ സൂചിപ്പിച്ച 3 കെട്ടിടങ്ങളും 2018-19 വർഷത്തെ തസ്തിക നിർണ്ണയത്തിന് പരിഗണിച്ചില്ല എന്ന കാരണത്താൽ ആറ്റിങ്ങൽ ജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ 15/04/2021-ലെ ബി6/915/ഡി.ഇ.ഒ/2021 നമ്പർ കത്തിൽ സർക്കാർ നിർദ്ദേശം നിരസിച്ചു.

ഈ മൂന്നു കെട്ടിടങ്ങൾക്ക് പുറമെ 2019-20 വർഷം തസ്തിക നിർണ്ണയത്തിന് കണക്കാക്കിയ കെട്ടിടങ്ങളിൽ 17.70x5.95x3.00 എന്ന കെട്ടിടത്തിന്റെ നീളം 18 മീറ്ററിന് 0.3 ന്റെ വ്യത്യാസം മാത്രമേ ഉള്ളൂ. ഈ വ്യത്യാസം ആകെ നീളത്തിന്റെ 10 ശതമാനത്തിൽ താഴെയാണ്. 16-12-1991 ലെ G.O.(Rt.)No.3742/91/G.Edn ഉത്തരവ് പ്രകാരം കെട്ടിടങ്ങളുടെ നീളത്തിലും വീതിയിലും (Length and width) ൽ 10 ശതമാനം ഇളവ് അനുവദിക്കാവുന്നതാണ്. ഇപ്രകാരം 17-70x5.95x3.00 മീറ്റർ കെട്ടിടത്തിന്റെ Length 10 ശതമാനം ഇളവ് അനുവദിച്ചാൽ 3 മുറികൾ ലഭിക്കുന്നതും ഹൈസ്കൂൾ വിഭാഗത്തിൽ മുൻ വർഷം നിലനിന്ന 14 ഡിവിഷനുകളും അനുവദിക്കാവുന്നതുമാണ്.

2019-20 വർഷം തസ്തിക നിർണ്ണയത്തിന് കണക്കാക്കാതിരുന്നതും എന്നാൽ 2018-19 വർഷം തസ്തിക നിർണ്ണയത്തിന് കണക്കാക്കിയതും 2019-20 വർഷം ഫിറ്റ്നസ് ലഭിച്ചതുമായ കെട്ടിടങ്ങളുടെ അളവുകൾ ഹിയറിംഗ് സമയത്ത് മാനേജർ എഴുതി നല്കിയതിൽ ഉണ്ടായ വ്യത്യാസമായിരുന്നു ജില്ലാ വിദ്യാഭ്യാസ ഓഫീസർ സർക്കാർ നിർദ്ദേശം നിരസിക്കുവാനിടയായത്. 2018-19 വർഷം തസ്തിക നിണ്ണയത്തിന് കണക്കാക്കിയതും എന്നാൽ 2019-20 വർഷം ഫിറ്റ്നസ് ലഭിച്ചതുമായ 10.90x5.95x2.8 കെട്ടിടത്തിന്റെ അളവു 10-90x5.70x2.70 എന്നായിപ്പോയി. മറ്റൊരു കെട്ടിടമായ 12x5.30x2.40 എന്ന കെട്ടിടത്തിന്റെ ഡയമൻഷൻ 11x5.40x2.40 എന്നാണ്. ഓരോ വർഷവും എഞ്ചിനീയർമാർ അളക്കുമ്പോഴും ഓരോ കെട്ടിടത്തിനും നേരിയ വ്യത്യാസങ്ങൾ വരാറുണ്ട്. ഇത് ശ്രദ്ധിക്കാതെ മാനേജർ തെറ്റായ ഡയമൻഷൻ ഹിയറിംഗ് നോട്ടിൽ ഉൾപ്പെടുത്തി നല്കിയതാണ് പ്രശ്നമായി മാറിയത്. 2019-20 വർഷം ഹൈസ്കൂൾ വിഭാഗത്തിൽ 14 ഡിവിഷനുകൾ അനുവദിക്കുന്നതിനാവശ്യമായ കുട്ടികളുടെ എഫക്ടീവ് സ്ട്രെങ്ങ്തുണ്ട്. 2018-19 വർഷം തസ്തിക നിർണ്ണയത്തിന് കണക്കാക്കിയതും 2019-20 ൽ ഫിറ്റ്നസ് ലഭിച്ച മുകളിൽ സൂചിപ്പിച്ച 2 കെട്ടിടങ്ങൾകൂടി പരിഗണിക്കുമ്പോൾ 3 മുറികൾ കൂടി കൂടുതൽ ലഭിക്കുന്നതും 2018-19 വർഷം തസ്തികകളും നിലനിന്ന 14-ാമത്തെ ഡിവിഷനും അനുബന്ധ നിലനിർത്താവുന്നതുമാണ്. അതിലൂടെ 01-08-2015 മുതൽ റഗുലറായി നിയമനം അംഗീകരിച്ചു വന്നിരുന്ന ശ്രീമതി സംഗീത മോഹന ചന്ദ്രൻ പുറത്താക്കൽ ഒഴിവാകുന്നതുമാണ്. ആയതിനാൽ സ.ഉ.(സാധാ)നം.1761/2021/പൊവിവ തീയതി 19/02/2021 സർക്കാർ ഉത്തരവിൽ 2019-20 വർഷം തസ്തിക നിർണ്ണയത്തിന് കണക്കാക്കുവാൻ നിർദ്ദേശിച്ച മൂന്നു കെട്ടിടങ്ങളിൽ 5.90x6.40x3.30 കെട്ടിടത്തിന്റെ ഡയമൻഷൻ 6.30x6.50x3.30 ആണ് ഈ കെട്ടിടം 2019-20 വർഷം തസ്തിക നിർണ്ണയ ഉത്തരവിന് കണക്കാക്കിയിട്ടുണ്ട്. ബാക്കി 2 കെട്ടിടങ്ങളുടെ ഡയമൻഷൻ 12x5.30x2.40 ഉം 10.90x5.70x2.70 എന്ന് സ.ഉ.(സാധാ)നം.1761/2021/പൊവിവ തീയതി 19/02/2021 ഉത്തരവിൽ കാണിച്ചിട്ടുള്ള ഡയമൻഷൻ 10.90x5.95x2.80 എന്നും 11.00x5.45x2.40 എന്നും തിരുത്തി ഉത്തരവാകണമെന്നും ഈ രണ്ടു കെട്ടിടങ്ങളും 2018-19 വർഷം തസ്തിക നിർണ്ണയത്തിന് കണക്കാക്കിയുട്ടുള്ളതിനാൽ 2019-20 വർഷവും തസ്തിക നിർണ്ണയത്തിന് കണക്കാക്കുവാൻ ആറ്റിങ്ങൽ ജില്ല വിദ്യാഭ്യാസ ഓഫീസർക്ക് നിർദ്ദേശം നല്കണമെന്ന് അപേക്ഷിക്കുന്നു."

3. വിദ്യാഭ്യാസ ഓഫീസർമാർ താഴെപ്പറയും പ്രകാരം വാദിച്ചു.

"ചിറയിൻകീഴ് എസ്.എസ്.വി.ജി.എച്ച്.എസ്.എസ്.ലെ 2019-20 വർഷത്തെ തസ്തിക നിർണ്ണയം ആറ്റിങ്ങൽ ജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ ഉത്തരവ് നമ്പർ ദീ.തീ.ബി6/44281/2019 തീയതി 19/07/2019 പ്രകാരം പൂർത്തിയാക്കി നല്കിയിരുന്നു. ടി ഉത്തരവിൽ അനുവദനീയമായ തസ്തികകൾ അനുവദിച്ചില്ല എന്ന് കാണിച്ച് തസ്തിക നിർണ്ണയത്തിനെതിരെ മാനേജർ അപ്പീൽ സമർപ്പിക്കുകയുണ്ടായി. തസ്തിക നിർണ്ണയത്തിൽ ആകെ 27 ക്ലാസ് മുറികൾ മാത്രമാണ് അനുവദിച്ചിരുന്നത് എന്നും, അക്കോമഡേഷൻ പരിഗണിച്ച് 31 ക്ലാസ് മുറികൾ അനുവദിക്കണമെന്നും എക്സ്ട്രാ ക്ലാസ് മുറികൾ 4 എണ്ണം ഒഴിവാക്കിയാൽ 27 ക്ലാസ് മുറികൾ അനുവദനീയമാണെന്നും ഒഴിവാക്കപ്പെട്ട 2 തസ്തികകൾ അനുവദിക്കണം എന്നുമാണ് മാനേജർ അപ്പീലിൽ ആവശ്യപ്പെട്ടിരുന്നത്. 16/10/2019 ന് നടത്തപ്പെട്ട ഹിയറിംഗിൽ നിലവിലെ സർക്കാർ ചട്ടങ്ങളുടെയും, വ്യവസ്ഥകളുടെയും അടിസ്ഥാനത്തിൽ മാനേജരുടെ അപ്പീൽ വിശദമായി പരിശോധിച്ചിരുന്നു. തസ്തിക നിർണ്ണയത്തിലെ ഫിറ്റ്നെസ് സർട്ടിഫിക്കറ്റ് പരിശോധിച്ചതിൽ

5.90x6.40x3.50m, 12.0x5.30x2.40m, 10.90x5.70x2.70m എന്നീ അളവുകളുള്ള 3 കെട്ടിടങ്ങൾ ഉൾപ്പെട്ടിരുന്നില്ല. ടി കെട്ടിടങ്ങൾ പ്രീ കെ.ഇ.ആർ കെട്ടിടങ്ങളാണ് എന്നും, ആയതിനാൽ ടി കെട്ടിടങ്ങൾ തസ്തിക നിർണ്ണയത്തിന് പരിഗണിക്കണമെന്നുമാവശ്യപ്പെട്ടുമാണ് മാനേജർ അപ്പീൽ സമർപ്പിച്ചിരുന്നത്. എന്നാൽ മേൽ പരാമർശിച്ചിരിക്കുന്ന കെട്ടിടങ്ങൾ എങ്ങനെ പുതുതായി 2019-20 ലെ ഫിറ്റ്നസ്സ് സർട്ടിഫിക്കറ്റിൽ ഉൾപ്പെട്ടു എന്ന് മാനേജർ അപ്പീലിൽ പരാമർശിച്ചിരുന്നില്ല. മുൻവർഷം ഇല്ലാതിരുന്ന കെട്ടിടങ്ങൾ പുതുതായി ഫിറ്റ്നസ്സ് സർട്ടിഫിക്കറ്റിൽ ഉൾപ്പെട്ടപ്പോൾ അളവിൽ മാറ്റം വരുത്തിയതാണെന്നു കാണിച്ച് അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എൻജിനീയറുടെ ഫിറ്റ്നസ്സ് സർട്ടിഫിക്കറ്റ് ഹാജരാക്കുകയും ചെയ്തു. കേരള വിദ്യാഭ്യാസ ചട്ടം അദ്ധ്യായം IV ചട്ടം 5 പ്രകാരം യു.പി./ഹൈസ്കൂൾ ക്ലാസ് മുറികൾക്കു നിഷ്കർഷിച്ചിരിക്കുന്ന അളവ് 6.0x6.0x3.7m എന്നാണ്. ആയതിന്റെ വെളിച്ചത്തിൽ ടി സ്കൂളിലെ 5.90x6.40x3.50m, 12.00x5.30x2.40m, 10.90x,5.70x2.70m എന്നീ അളവിലുള്ള 3 പുതിയ കെട്ടിടങ്ങൾ തസ്തിക നിർണയത്തിന് പരിഗണിക്കാൻ കഴിയില്ല എന്ന് കാണിച്ച് മാനേജരുടെ അപ്പീൽ വിദ്യാഭ്യാസ ഉപഡയറക്ടറുടെ കാര്യാലയത്തിൽ നിന്നും നിരസിച്ച് ഉത്തരവ് നല്കിയിട്ടുള്ളതാണ്.

ഇതേ തുടർന്ന് മാനേജർ സർക്കാരിൽ റിവിഷൻ ഹർജി സമർപ്പിക്കുകയും സ.ഉ.(സാധാ)നം.1761/2021/പൊ.വി.വ തീയതി 19/02/2021 പ്രകാരം പ്രീ കെ.ഇ.ആർ. കെട്ടിടം മുൻവർഷം പരിഗണിച്ചിട്ടുണ്ടെങ്കിൽ ആയത് പരിഗണിച്ച് തസ്തിക അനുവദിച്ചു കൊടുക്കാൻ ഉത്തരവായിരുന്നു. എന്നാൽ ടി കെട്ടിടങ്ങൾ മുൻ വർഷം പരിഗണിച്ചിട്ടില്ല എന്ന കാരണത്താൽ ആറ്റിങ്ങൽ ജില്ലാ വിദ്യാഭ്യാസ ഓഫീസർ തസ്തിക നിർണ്ണയത്തിൽ മാറ്റം വരുത്തി നൽകിയില്ല. ചിറയിൻകീഴ് എസ്.എസ്.വി.എച്ച്.എസ്.എസിലെ എച്ച്.എസ്.ടി (ഇംഗ്ലീഷ്) തസ്തികയിൽ ശ്രീമതി സംഗീത മോഹനചന്ദ്രൻ 01/08/2015 മുതലുള്ള നിയമനം ആറ്റിങ്ങൽ ജില്ലാ വിദ്യാഭ്യാസ ഓഫീസർ അംഗീകരിച്ച് നൽകിയിട്ടുണ്ട്. 2019-20 വർഷം മതിയായ കെട്ടിട സൗകര്യം ഇല്ലാത്തതിനാൽ തസ്തികകൾ കുറവ് വരികയും, 15/07/2019 മുതൽ തസ്തികയില്ലാതെ പുറത്താകുകയുമായിരുന്നു. 06/02/2024 ലെ സ.ഉ.(സാധാ)നം.1021/2024/പൊവിവ ഉത്തരവ് പ്രകാരം 2013 മുതൽ നിയമനാംഗീകാരം ഇല്ലാതെ തുടർന്ന് വരുന്ന അധ്യാപകരുടെ നിയമനം ക്രമീകരിക്കുന്നതിന് ആറ്റിങ്ങൽ ജില്ലാ വിദ്യാഭ്യാസ ഓഫീസർക്ക് നിർദ്ദേശം നൽകി ഉത്തരവായിരുന്നു. ആയത് പ്രകാരം ശ്രീമതി സംഗീതാ മോഹനചന്ദ്രന്റെ എച്ച്.എസ്.ടി നിയമനം സർക്കാരിൽ നിലനിൽക്കുന്ന ഹർജിയുടെ തീർപ്പിന് വിധേയമായി അംഗീകരിക്കാൻ നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ ടിയാന്റെ നിയമനം 10/01/2023 തീയതിയിലെ DEOATL/10598/2022 B6 നമ്പർ ഉത്തരവ് പ്രകാരം ശ്രീമതി ചിത്ര എ.പി.യുടെ സ്ഥാനക്കയറ്റ ഒഴിവിൽ 01/06/2022 മുതൽ പുനഃക്രമീകരിച്ച് ആറ്റിങ്ങൽ ജില്ലാ വിദ്യാഭ്യാസ ഓഫീസിൽ നിന്നും നൽകിയിട്ടുണ്ട്. തസ്തിക നഷ്ടമായ 15/07/2019 മുതൽ 31/05/2022 വരെയുള്ള കാലയളവിലെ നിയമനമാണ് ക്രമീകരിക്കേണ്ടത് എന്നാണ് കാണുന്നത്.

നിലവിൽ പരാതിക്കാരിയുടെ ആവശ്യം 2019-20 വർഷം തസ്തിക നിർണ്ണയത്തിന് കണക്കാക്കിയ കെട്ടിടങ്ങളിൽ 17.70x5.95x3.00 എന്ന അളവിലുള്ള കെട്ടിടത്തിന്റെ നീളം അനുവദനീയമായതിൽ നിന്നും ചെറിയ വ്യത്യാസം മാത്രമേ ഉള്ളൂ എന്നും ആയതിനാൽ 16/12/1991 ലെ സ.ഉ.(ആർ.ടി) നം.3742/91/പൊവിവ നമ്പർ ഉത്തരവ് പ്രകാരം കെട്ടിടത്തിന്റെ നീളത്തിലും വീതിയിലും 10% ഇളവ് അനുവദിക്കാവുന്നതാണെന്നും ഇപ്രകാരം അനുവദിച്ചാൽ 3 ക്ലാസ് മുറികൾ കൂടി ലഭ്യമാകും, ഹൈസ്കൂൾ വിഭാഗത്തിൽ മുൻ വർഷം നിലനിന്നിരുന്ന 14 ക്ലാസ്

ഡിവിഷൻ അനുവദിക്കാൻ കഴിയും എന്നുമാണ്. എന്നാൽ ടി ഉത്തരവിലെ പാര (vi) ഇപ്രകാരമാണ്.

vi) Length and width exemption of existing school buildings should not be given so liberally, as the objective is that, there should be enough floor areas, so as to avoid overcrowding of pupils. Hence grant of exemptions of this kind will be minimised. However, in respect of the existing permanent/semi-permanent buildings constructed after 1.6.1959, which cannot be suitably and conveniently altered due to practical reasons, relaxation up to 10% the minimum prescribed floor area for each class room accommodation will be allowed by the Deputy Directors; and upto 15% by the Director; and such exemption will be granted on a permanent basis. However, permanent exemptions in excess of the above percentage already granted will not be reopened to the disadvantage of any Manager.

ഇളവിനുള്ള അപേക്ഷ മാനേജർ നിശ്ചിത സമയപരിധിക്കുള്ളിൽ സമർപ്പിച്ചിട്ടില്ല. ഉത്തരവിലെ പാര 3 (iii)) പ്രകാരം അപേക്ഷ സമർപ്പിക്കേണ്ടത് 2019 ഏപ്രിൽ മാസത്തിലായിരുന്നു. തസ്തിക നിർണ്ണയത്തിന് മുൻപ് നടപടികൾ പൂർത്തിയാക്കി ഇളവ് നൽകിക്കൊണ്ടുള്ള ഉത്തരവ് നല്കുകയും വേണം. ആയത് പാലിച്ചിട്ടില്ല എന്നതിനാൽ ഈ ആവശ്യം പരിഗണിക്കാൻ കഴിയില്ല എന്ന് കാണുന്നു. മറ്റൊരാവശ്യം നിലവിൽ ഫിറ്റ്നസ് സർട്ടിഫിക്കറ്റിൽ ഉൾപ്പെടുത്തിയിട്ടുള്ള 12x5.30x2.40, 10.90x5.70x2.70 എന്നത് മാറ്റി 10.90x5.95x2.80, 11.00x5.45x2.40 നൽകണമെന്നതാണ്. തദ്ദേശ സ്വയംഭരണ വകുപ്പിൽ നിന്നുള്ള ഫിറ്റ്നസ് സർട്ടിഫിക്കറ്റ് പരിഗണിച്ചാണ് തസ്തിക നിർണ്ണയ നടപടികൾ പൂർത്തിയാക്കുന്നത് എന്നതിനാൽ ടി ആവശ്യം പരിഗണിക്കുവാൻ കഴിയില്ല എന്ന വിവരം സർക്കാരിനെ അറിയിച്ചു കൊള്ളുന്നു."

4.സർക്കാർ ഈ വിഷയം ലഭ്യമായ റിപ്പോർട്ടുകളുടെയും നിലവിലെ ചട്ടങ്ങളുടെയും ഹിയറിംഗിന്റെയും അടിസ്ഥാനത്തിൽ വിശദമായി പരിശോധിച്ചു. ചിറയിൻകീഴ് എസ്.എസ്.വി.എച്ച്.എസ്.എസ്.ലെ എച്ച്.എസ്.റ്റി. (ഇംഗ്ലീഷ്) അദ്ധ്യാപികയായ ശ്രീമതി സംഗീത മോഹന ചന്ദ്രന്റെ 01/08/2015 മുതലുള്ള നിയമനം അംഗീകരിച്ചിരുന്നു. തുടർന്ന് 2019-20 വർഷത്തെ തസ്തിക നിർണയത്തിൽ പ്രീ കെ.ഇ.ആർ. കെട്ടിടങ്ങൾ പരിഗണിക്കാതിരുന്നതിനാൽ മതിയായ കെട്ടിട സൗകര്യം ഇല്ലാത്തതിനാൽ ഡിവിഷൻ കുറവ് വരികയും ശ്രീമതി സംഗീത മോഹന ചന്ദ്രന് നിലനിൽക്കുവാൻ തസ്തിക ലഭ്യമല്ലാതെ വന്ന സാഹചര്യത്തിൽ 15/07/2019 ൽ സേവനത്തിൽ നിന്ന് പുറത്താവുകയും ചെയ്തു. പ്രീ കെ.ഇ.ആർ. കെട്ടിടങ്ങൾ 2019-20 വർഷത്തെ തസ്തിക നിർണയത്തിന് പരിഗണിക്കണം എന്നാണ് മാനേജരുടെ ആവശ്യം. എന്നാൽ 2018-19 വർഷത്തെ തസ്തിക നിർണ്ണയത്തിലെ ഫിറ്റ്നെസ് സർട്ടിഫിക്കറ്റിൽ 5.90x6.40x3.50m, 12.0x5.30x2.40m, 10.90x5.70x2.70m എന്നീ അളവുകളിൽ ഉള്ള മൂന്നു കെട്ടിടങ്ങൾ ഇല്ലാത്തതിനാലും കെ.ഇ.ആർ. അധ്യായം IV ചട്ടം 5 പ്രകാരം യു.പി/ഹൈസ്കൂൾ ക്ലാസ് മുറികൾക്ക് നിഷ്കർഷിച്ചിട്ടുള്ള അളവ് 6.0x6.0x3.7m ആയതിനാലും ടി കെട്ടിടങ്ങൾ തസ്തിക നിർണ്ണയത്തിന് പരിഗണിച്ചിരുന്നില്ല.

5.2019-20 വർഷം തസ്തിക നിർണ്ണയത്തിന് കണക്കാക്കിയ കെട്ടിടങ്ങളിൽ 17.70x5.95x3.00 എന്ന അളവിലുള്ള കെട്ടിടത്തിന്റെ നീളം അനുവദനീയമായതിൽ നിന്നും ചെറിയ വ്യത്യാസം മാത്രമേ ഉള്ളൂ എന്നും ആയതിനാൽ 16/12/1991 ലെ സ.ഉ.(ആർ.ടി)

നം.3742/91/പൊവിവ നമ്പർ ഉത്തരവ് പ്രകാരം കെട്ടിടത്തിന്റെ നീളത്തിലും വീതിയിലും 10% ഇളവ് അനുവദിക്കാവുന്നതാണെന്നും ഇപ്രകാരം അനുവദിച്ചാൽ 3 ക്ലാസ് മുറികൾ കൂടി ലഭ്യമാകും എന്നുമാണ് ഹർജിക്കാരിയുടെ മറ്റൊരു വാദം. 2019-20 വർഷം തസ്തിക നിർണയത്തിന് കണക്കാക്കിയ കെട്ടിടങ്ങളിൽ 17.70x5.95x3.00 എന്ന അളവിലുള്ള കെട്ടിടത്തിന്റെ നീളം 18 മീറ്ററിന് 0.3 ന്റെ വ്യത്യാസം മാത്രമേ ഉള്ളൂ. ഈ വ്യത്യാസം ആകെ നീളത്തിന്റെ 10% ആക്കിയാൽ 16/12/1991 ലെ G.O.(Rt)No.3742/91/GEdn ഉത്തരവുപ്രകാരം കെട്ടിടങ്ങളുടെ നീളത്തിലും വീതിയിലും 10% ശതമാനം ഇളവ് അനുവദിക്കാവുന്ന സാഹചര്യത്തിൽ ഇപ്രകാരം ഇളവ് അനുവദിച്ച് മൂന്നു മുറികൾ ലഭിക്കുന്നതിനാൽ മൂന്നു മുറികൾ അംഗീകരിച്ച് ഹൈസ്കൂൾ വിഭാഗത്തിൽ മുൻവർഷം നിലനിന്നിരുന്ന പതിനാലാം ഡിവിഷനുകളും അനുവദിക്കണമെന്നതാണ് ഹർജിക്കാരിയുടെ ആവശ്യം.

6. 16/12/1991 ലെ G.O.(Rt)No.3742/91/GEdn ഉത്തരവുപ്രകാരം കെട്ടിടങ്ങളുടെ ഏറ്റവും കുറഞ്ഞ നിശ്ചിത തറ വിസ്തീർണ്ണത്തിൽ 10% ശതമാനം ഇളവ് ഉപഡയറക്ടർക്കും, 15 % ശതമാനം ഇളവ് പൊതു വിദ്യാഭ്യാസ ഡയറക്ടർക്കും അനുവദിക്കാവുന്നതാണ്.

7.മേൽ സാഹചര്യത്തിൽ ഇത് ഒരു പ്രത്യേക കേസായി പരിഗണിച്ച് ഇളവിനുള്ള അപേക്ഷ മാനേജർ നിശ്ചിത സമയപരിധിക്കുള്ളിൽ സമർപ്പിക്കാത്തത് മാപ്പാക്കി ടി അപേക്ഷ മാനേജർ സമർപ്പിക്കുന്ന മുറയ്ക്ക് ആയത് പരിഗണിച്ച് മറ്റ് വിധത്തിൽ ക്രമപ്രകാരമെങ്കിൽ കെട്ടിടങ്ങളുടെ ഏറ്റവും കുറഞ്ഞ നിശ്ചിത തറ വിസ്തീർണ്ണത്തിൽ ഇളവ് നൽകി തസ്തിക നിർണ്ണയം പുനർ നിർണ്ണയിക്കുന്നതിന് വിദ്യാഭ്യാസ അധികാരികൾക്ക് നിർദ്ദേശം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

8.മേൽപ്രകാരം പരാമർശം 1 റിവിഷൻ ഹർജി തീർപ്പാക്കിയിരിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
M RATHEESH
അണ്ടർ സെക്രട്ടറി

ശ്രീമതി സംഗീത മോഹനചന്ദ്രൻ, എച്ച്.എസ്.റ്റി. (ഇംഗ്ലീഷ്), എസ്.എസ്.വി. എച്ച്.എസ്.എസ്., ചിറയിൻകീഴ്, തിരുവനന്തപുരം.
മാനേജർ, നോബിൾ ഗ്രൂപ്പ് ഓഫ് സ്കൂൾസ്, ചിറയിൻകീഴ്.
പൊതുവിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം-695 014.
വിദ്യാഭ്യാസ ഉപഡയറക്ടർ, തിരുവനന്തപുരം-695 036.
ജില്ലാ വിദ്യാഭ്യാസ ഓഫീസർ, ആറ്റിങ്ങൽ.
പൊതുവിദ്യാഭ്യാസ (ജെ.എ) വകുപ്പ്.(10.03.2026 ലെ GE-JA3/644/2025-G.EDN പ്രകാരം)
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ഓഡിറ്റ്), കേരളം, തിരുവനന്തപുരം.
ഡയറക്ടർ, വെബ് ആന്റ് ന്യൂ മീഡിയ (പ്രസിദ്ധീകരണത്തിനായി)
നോഡൽ ഓഫീസർ, കൈറ്റ് (വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി. (എ2/82/2025/പൊവിവ)

ഉത്തരവിൻ പ്രകാരം

Signed by
Abeeja Raj B
Date: 16-05-2026 16:10:59

സെക്ഷൻ ഓഫീസർ